കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്,
ശാന്തി നഗർ, തിരുവനന്തപുരം 695 001
ഫോൺ:: 0471 2331104 , 0471 2331159,
Email:cei@ceikerala.gov.in
:ceikerala@gmail.com
Website: www.ceikerala.gov.in


150 വർഷം മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

भारतीय मानक ब्यूरो IS 15700 BUREAU OF INDIAN STANDARDS SQMS
An IS 15700 : 2005 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**

**ഹാജർ : വി.സി. അനിൽകുമാർ**

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് – ജീവനക്കാര്യം – അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർമാരായ ശ്രീമതി. ദേവി. എം, ശ്രീ. ശരത് മേഹൻ, ശ്രീ. ധനുസ്. ഡി.എസ് എന്നിവരുടെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. കേരള പിഎസ്.സി സെക്രട്ടറിയുടെ 28.04.2017–ലെ RIA (3) 4973/17/GW നമ്പർ അഡ്വൈസ് മെമ്മോ.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 26.05.2017–ലെ ഇതേ നമ്പർ ഉത്തരവ്.
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 28.11.2019–ലെ ഇ2–223(1)/2015/സി.ഇ.ഐ നമ്പർ ഉത്തരവ്.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരത്തിന്റെ 04.11.2019–ലെ No. GE25/C/EI/S-92/879-൧൦ നമ്പർ കത്ത്.
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരത്തിന്റെ 04.11.2019–ലെ No. GE25/C/EI/D13/854-൧൦ നമ്പർ കത്ത്.
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരത്തിന്റെ 01.11.2019–ലെ No. GE25/C/EI/D14/884-൧൦ നമ്പർ കത്ത്.
7. ആലപ്പുഴ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 04.01.2020–ലെ ഇ–4190/19/ഇ.ഐ.എ നമ്പർ കത്ത്.
8. കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 16.12.2019–ലെ ഇ–2922/17/ഇ.ഐ.കെ നമ്പർ കത്ത്.
9. കോട്ടയം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 22.01.2020–ലെ ഇ–2922/17/ഇ.ഐ.കെ നമ്പർ കത്ത്.

**ഉത്തരവ് നമ്പർ ഇ2– 223(2)/2015/സി.ഇ.ഐ തീയതി :26.02.2020**

പരാമർശം (1)–ലെ നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) ഉത്തരവ് പ്രകാരം ഈ വകുപ്പിൽ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീമതി. ദേവി.എം, ശ്രീ. ധനുസ്.ഡി.എസ്, ശ്രീ. ശരത് മോഹൻ, എന്നിവർ യഥാക്രമം 07.06.2017, 19.06.2017, 28.06.2017 തീയതികളിൽ പൂർവ്വാഹ്നത്തിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. ഇവരുടെ നിയമനം പരാമർശം (3) പ്രകാരം യഥാക്രമം 07.06.2017, 19.06.2017, 28.06.2017 പൂർവ്വാഹ്നം

പ്രാബല്യത്തിൽ ക്രമീകരിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും എടുത്തിട്ടില്ലായെന്ന് പരാമർശം (4), (5), (6) എന്നിവ പ്രകാരം അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം അറിയിച്ചിട്ടുണ്ട്. ടിയാളുകൾ യഥാക്രമം 06.06.2019, 18.06.2019, 27.06.2019 എന്നീ തീയതികളിൽ പ്രൊബേഷന് ആവശ്യമായ 2 വർഷത്തെ ഡ്യൂട്ടി പൂർത്തിയാക്കിയെങ്കിലും പ്രസ്തുത കാലയളവിനുള്ളിൽ പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കാനാവശ്യമായ വകുപ്പുതല പരീക്ഷകളെല്ലാം വിജയിച്ചിട്ടില്ലായിരുന്നു. ശ്രീമതി. ദേവി.എം, 05.09.2019–ന് നടന്ന പരീക്ഷയിലും, ശ്രീ. ധനുസ്. ഡി.എസ് 02.11.2019–ൽ നടന്ന പരീക്ഷയിലും, ശ്രീ. ശരത് മോഹൻ 28.09.2019–ന് നടന്ന പരീക്ഷയിലുമാണ് പ്രൊബേഷൻ പൂർത്തീകരിക്കുവാൻ ആവശ്യമായ യോഗ്യത നേടിയത്.

അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിൽ സേവനമാരംഭിക്കുന്നവരുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ 3 വർഷത്തിനുള്ളിൽ 2 വർഷത്തെ ഡ്യൂട്ടിയാണ്. പ്രസ്തുത 2 വർഷത്തെ ഡ്യൂട്ടി കാലയളവിനുള്ളിൽ പ്രൊബേഷൻ പൂർത്തിയാക്കി പ്രഖ്യാപിക്കുന്നതിനാവശ്യമായ വകുപ്പുതല പരീക്ഷകൾ വിജയിച്ചിട്ടില്ലായെങ്കിൽ 2 വർഷം ഡ്യൂട്ടി പൂർത്തിയാക്കിയതിന്റെ തൊട്ടടുത്ത ദിവസം മുതൽ 1 വർഷം വരെ പ്രൊബേഷൻ ദീർഘിപ്പിച്ച് നൽകുവാൻ KS & SSR ഭാഗം II ചട്ടം 21 പ്രകാരം നിയമനാധികാരിയ്ക്ക് അധികാരമുണ്ട്.

ഈ സാഹചര്യത്തിൽ ടി ഉദ്യോഗസ്ഥരുടെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ തസ്തികയിലെ നിരീക്ഷണകാലം വിജയകരമായി പ്രഖ്യാപിക്കാനാവശ്യമായ വകുപ്പുതല പരീക്ഷകൾ അവർ രണ്ട് വർഷത്തെ ഡ്യൂട്ടി പൂർത്തീകരിച്ചതിന് ശേഷം മാത്രം പാസായതിനാൽ അവരുടെ നിരീക്ഷണകാലം താഴെപ്പറയും പ്രകാരം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും നിലവിൽ ജോലി ചെയ്യുന്ന കാര്യാലയവും | എ.ഇ.ഐ തസ്തികയിൽ 2 വർഷത്തെ തുടർച്ചയായ സേവനം പൂർത്തീകരിച്ച തീയതി | വിജയിച്ച വകുപ്പുതല പരീക്ഷ (അവസാന പരീക്ഷ) നടന്ന തീയതി | പ്രൊബേഷൻ ദീർഘിപ്പിച്ച് നൽകുന്ന കാലയളവ് |
|---|---|---|---|---|
| 1. | ശ്രീമതി. ദേവി. എം, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, ആലപ്പുഴ | 06.06.2019 | 05.09.2019 | 07.06.2019 മുതൽ 07.09.2019 വരെ |
| 2. | ശ്രീ. ധനുസ്. ഡി.എസ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, കോട്ടയം | 18.06.2019 | 02.11.2019 | 19.06.2019 മുതൽ 04.11.2019 വരെ |

| | | | | |
|---|---|---|---|---|
| 3. | ശ്രീ. ശരത് മോഹൻ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, കോട്ടയം | 27.06.2019 | 28.09.2019 | 28.06.2019 മുതൽ 30.09.2019 വരെ |

(ഒപ്പ്)
**ചിഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

1. ശ്രീമതി. ദേവി. എം, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
(ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ആലപ്പുഴ മുഖേന)
2. ശ്രീ. ശരത് മോഹൻ, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
(ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കോട്ടയം മുഖേന)
3. ശ്രീ. ധനുസ്. ഡി.എസ്, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ
(ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കോട്ടയം മുഖേന)

പകർപ്പ് :

1. അക്കൗണ്ടൻറ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ആലപ്പുഴ/കോട്ടയം
3. ചീഫ് ഇലക്ട്രിക്കൽ/അഡീഷണൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
4. കരുതൽ/അധികം

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്